LIBRARY ARCHIVES Kerala Legislative Assembly

വനിതാ ട്രെയിൻ യാത്രക്കാരുടെ സുരക്ഷ

56 (2294) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര കിലോമീറ്റർ റെയിൽപ്പാതയുണ്ട് എന്നും ഇതിലൂടെ ദൈനംദിനം എത്ര ട്രെയിനുകൾ ഓടുന്നു എന്നും ദിനംപ്രതി ഇതിലൂടെ ശരാശരി എത്ര ജനങ്ങൾ യാത്ര ചെയ്യുന്നു എന്നും ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ പ്രസ്തുത യാത്രക്കാരുടെ സുരക്ഷയ്ക്കായി എത്ര സുരക്ഷാ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട് എന്നും അറിയാമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ദിനംപ്രതി എത്ര വനിതാ റെയിൽ യാത്രികരുണ്ട് ; ഇവരുടെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുള്ള വനിതാ സുരക്ഷാജീവനക്കാർ എത്ര ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ആകെ റെയിൽവേ സ്റ്റേഷനുകളുടെ എണ്ണം എത്ര; ഇതിൽ എത്ര സ്റ്റേഷനുകളിൽ സുരക്ഷാ ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) ട്രെയിനുകളിൽ വനിതകൾക്കെതിരെ അതിക്രമം തുടർക്കഥയായി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഈ സർക്കാർ കാലയളവിൽ നാളിതുവരെ ട്രെയിൻ യാത്രക്കിടയിൽ എത്ര കൊലപാതകങ്ങളും മറ്റ് പീഡനങ്ങളും നടന്നു എന്നും മേലിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ സർക്കാർ എന്തു കർശന നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ;

(ഇ) R.P.F.-ന്റെ തിരുവനന്തപുരം, പാലക്കാട് റെയിൽവേ ഡിവിഷനുകളിൽ യാത്രക്കാരായ വനിതകളുടെ സംരക്ഷണത്തിന് നിലവിൽ നിയോഗിക്കപ്പെട്ട വനിതാ പോലീസുകാർ എത്ര; ഉച്ചമായ ഇത് പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിനോട് എന്തെങ്കിലും സഹായം ആവശ്യപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ സംസ്ഥാന സർക്കാർ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഏകദേശം 1003 കിലോമീറ്റർ റെയിൽ പാതയിലൂടെ പ്രതിദിനം ഓടുന്ന 77 എക്സ്പ്രസ് ട്രെയിനുകളിലും 44 പാസഞ്ചർ തീവണ്ടികളിലുമായി പ്രതിദിനം ശരാശരി 5.5 മുതൽ 6 ലക്ഷം വരെ ജനങ്ങൾ യാത്ര ചെയ്യുന്നു. ഇവരുടെ സുരക്ഷയ്ക്കായി റെയിൽവേ 790 സുരക്ഷാ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രതിദിനം ട്രെയിൻ യാത്രയിലേർപ്പെടുന്ന ഏകദേശം 6 ലക്ഷം ആൾക്കാരിൽ 15 മുതൽ 20% വരെ സ്ത്രീകളാണ്. ഇവരുടെ സുരക്ഷയ്ക്കായി നിലവിൽ 2 വനിതാ എസ്.ഐ.-മാരുൾപ്പെടെ 33 വനിതാ റെയിൽവേ പോലീസ് ജീവനക്കാരെ റെയിൽവേ നിയോഗിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ആകെ 188 റെയിൽവേ സ്റ്റേഷനുകളുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ റെയിൽവേ സ്റ്റേഷനുകളിലും സുരക്ഷാ ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ട്രെയിനുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ ട്രെയിൻ യാത്രയ്ക്കായി ഇരിക്കവെ, പുറപ്പെടുന്നതിനു മുൻപ് ട്രെയിനിന് ഉള്ളിൽ വച്ചു നടന്ന ഒരു കൊലപാതകവും ട്രെയിൻ യാത്രയ്ക്കിടയിൽ ഒരു കൊലപാതകവും നടന്നിട്ടുണ്ട്. ട്രെയിനിൽ വച്ചു നടന്ന മറ്റ് പീഡനങ്ങളുടെ എണ്ണം 256. ട്രെയിനുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വനിതാ പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ ട്രെയിനുകളിൽ പട്രോളിംഗ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. വനിതാ കോച്ചുകളിൽ പ്രത്യേകം വനിതാ പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. ട്രെയിൻ യാത്രയ്ക്കിടയിൽ എന്തെങ്കിലും കുറ്റകൃത്യങ്ങളുണ്ടായാൽ ഉടൻ തന്നെ പോലീസ് സഹായത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന റെയിൽവേ അലർട്ട് നമ്പരുകളായ 9846200100, 9846200150, ആർ.പി.എഫ്. ഹെൽപ്പ് ലൈൻ നമ്പരായ 9995040000 എന്നിവയിൽ യാത്രക്കാർക്ക് ബന്ധപ്പെടാവുന്നതും ഉടനടി പോലീസ് നടപടികൾ സ്വീകരിക്കുന്നതുമാണ്. ടി നമ്പരുകൾ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

(ഇ) നിലവിൽ 2 വനിതാ എസ്.ഐ മാരുൾപ്പെടെ 33 വനിതാ റെയിൽവേ പോലീസ് ജീവനക്കാരെ റെയിൽവേ നിയോഗിച്ചിട്ടുണ്ട്. സൗമ്യയുടെ ദാരുണ മരണത്തെ തുടർന്ന് റെയിൽവേ നടത്തിയ പഠനത്തിൽ കേരളത്തിൽ ആർ.പി.എഫിൽ 1503 പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്നുള്ള ദക്ഷിണ റെയിൽവേ മാനേജരുടെ നിർദ്ദേശം പരിഗണിച്ച് 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ അനുവദിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിനോട് 2015-16 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ട്രെയിനുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വനിതാ പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ ട്രെയിനുകളിൽ പട്രോളിംഗ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. ട്രെയിൻ യാത്രയ്ക്കിടയിൽ എന്തെങ്കിലും കുറ്റകൃത്യങ്ങളുണ്ടായാൽ ഉടൻ തന്നെ പോലീസ് സഹായത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന റെയിൽ അലർട്ട് നമ്പരുകളായ 9846200100, 9846200150, ആർ.പി.എഫ്. ഹെൽപ്പ് ലൈൻ നമ്പരായ 9995040000 എന്നിവയിൽ യാത്രക്കാർക്ക് ബന്ധപ്പെടാവുന്നതും ഉടനടി പോലീസ് നടപടികൾ സ്വീകരിക്കുന്നതുമാണ്. ടി നമ്പരുകൾ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ സംസ്ഥാന റെയിൽവേ പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 408 തസ്തികകൾ 28-7-2012-ലെ സർക്കാർ ഉത്തരവ് (എം.എസ്) 207/2012 പ്രകാരം 200 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ തീവണ്ടികളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 200 ഹോംഗാർഡുകളെ നിയമിക്കുന്നതിനായുള്ള നിർദ്ദേശം സംസ്ഥാന സർക്കാർ പരിഗണിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly